നം.പി.എൽ.(4)/34512/13/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 01-10-2013.

# സർക്കുലർ

വിഷയം:-പൊ.വി.--സൗജന്യ ഇംഗ്ലീഷ് അദ്ധ്യാപക പരിശീലനം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ബാംഗ്ലൂർ അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്--

സൂചന:--റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ 13-09-2013 ലെ കത്ത് നമ്പർ RIE/CW1/TRG/CRS-08(KL &KT)/SEC/CELT/2013-14.

***********

ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എന്ന സ്ഥാപനം 2013-14 വർഷം ഹൈസ്കൂൾ അദ്ധ്യാപകർക്കായി നടത്തുന്ന 30 ദിവസത്തെ സൗജന്യ ഇംഗ്ലീഷ് പരിശീലനത്തിനുള്ള രണ്ടാമത്തെ ബാച്ചിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 2013 ഒക്ടോബർ 24-ാം തീയതി മുതൽ നവംബർ 22 വരെയാണ് പരിശീലന കാലാവധി. ഗവൺമെന്റ് ഹൈസ്കൂൾതലത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതും 45 വയസ്സുകഴിയാത്തതുമായ അദ്ധ്യാപകരെയാണ് പരിശീലനത്തിന് തെരഞ്ഞെടുക്കേണ്ടത്. സ്കൂളിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് വിഘ്നമുണ്ടാകാതെ പരിശീലനത്തിന് അയക്കേണ്ടതാണ്. ഇങ്ങനെ പരിശീലനം ലഭിച്ചുവരുന്ന അദ്ധ്യാപകരെ ഇംഗ്ലീഷിന്റെ മാസ്റ്റർ ട്രെയിനർമാരായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനായി ഇംഗ്ലീഷ് മാസ്റ്റർ ട്രെയിനർമാരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
2. 45 വയസ്സുകഴിയാത്ത ഗവൺമെന്റ് സ്കൂളിലെ ഇംഗ്ലീഷ് അദ്ധ്യാപകർ അപേക്ഷ നൽകേണ്ടതാണ്.
3. പ്രൊട്ടക്ടഡ് /റിട്രെഞ്ച്ഡ് അദ്ധ്യാപകർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
4. പ്രസ്തുത അദ്ധ്യാപകർക്ക് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, തൃശ്ശൂർ വീണ്ടും പരിശീലനം നൽകുന്നതാണ്.
5. ഇങ്ങനെ പരിശീലനം ലഭിക്കുന്ന അദ്ധ്യാപകർ തങ്ങളുടെ ജില്ലയിലെ മറ്റു ഇംഗ്ലീഷ് അദ്ധ്യാപകർക്ക് പരിശീലനം നൽകേണ്ടതാണ്.
6. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന അദ്ധ്യാപകർക്ക് പിന്നീട് 'ഡിജിറ്റൽ മൾട്ടി മീഡിയ ലാംഗ്വേജ് ലാബ്' പ്രോഗ്രാമിന്റെ ട്രെയിനിംഗ് കൊടുക്കുന്നതാണ്.
7. ട്രെയിനിംഗ് ദിവസങ്ങളിൽ ഇത്തരം അദ്ധ്യാപകർക്ക് ഐ.റ്റി.@സ്കൂൾ മാസ്റ്റർ ട്രെയിനേഴ്സിന് നൽകുന്ന നിരക്കിൽ ഹോണറേറിയം അനുവദിക്കുന്നതാണ്.
8. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന അദ്ധ്യാപകർ ഒരു വർഷം ഈ പ്രോഗ്രാമിൽ പങ്കെടുക്കുമെന്ന ഉറപ്പ് നൽകേണ്ടതാണ്.

ആയതിനാൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും തങ്ങളുടെ കീഴിലുള്ള വിദ്യാഭ്യാസ ജില്ലയ്ക്ക് ആനുപാതികമായി കഴിവും താൽപര്യവുമുള്ള രണ്ട് ഗവൺമെന്റ് ഹൈസ്കൂൾ വിഭാഗം ഇംഗ്ലീഷ് അദ്ധ്യാപകരുടെ പേരു വിവരം ഈ ഓഫീസിൽ 10-10-2013 ന് മുമ്പായി dpiplanning@gmail.com എന്ന മെയിൽ അഡ്രസ്സിൽ നൽകേണ്ടതാണ്. ഇതിനായി ഡിസ്ട്രിക്റ്റ് സെന്റർ ഫോർ ഇംഗ്ലീഷിന്റെ സഹായവും തേടാവുന്നതാണ്. മുൻവർഷങ്ങളിൽ പരിശീലനത്തിനുപോയ അദ്ധ്യാപകരെയും പരിഗണിക്കുന്നതാണ്.

(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം)

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ഡിസ്ട്രിക്ട് സെന്റർ ഫോർ ഇംഗ്ലീഷ് ചീഫ് ട്യൂട്ടർമാർക്കും, പരിശീലനത്തിന് പോകാൻ താൽപര്യമുള്ള ഇംഗ്ലീഷ് അദ്ധ്യാപകരെ കണ്ടെത്തി വിദ്യാഭ്യാസ ഉപഡയറക്ടർമാരെ അറിയിക്കേണ്ടതാണ്.